I/87445/2023

ഭരണഭാഷമാതൃഭാഷ

No:TCPTVM/309/2023-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രണ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in

തീയതി 28-02-2023

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ,

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - കെട്ടിട നിർമ്മാണം - കൺകറൻസ് -അംഗീകാരം നൽകുന്നു.

സൂചന :
1. താങ്കളുടെ 02.02.2023-ലെ ZAE-1786/18(ZAE/BA/146/18) നമ്പർ കത്ത്.
2. Sri.Rajeev Rajendran 14.02.2023 ൽ സമർപ്പിച്ച അപേക്ഷ

തിരുവനന്തപുരം നഗരസഭയിൽ ആറ്റിപ്ര വില്ലേജിൽ റീ സർവ്വേ നമ്പർ: 398/8-1-1, 398/8-1-2, 398/8-2-1, 398/8-3-1-1 ൽ ഉൾപ്പെട്ട 2.03 ആർ വസ്തുവിൽ 226 .61 ച .മീ വിസ്തീർണ്ണമുള്ള ഇരുനില വാസഗൃഹത്തിന്റെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷകളിൻമേൽ, 8/08/2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ 179/2022/LSGD പ്രകാരം 11/09/2017 തീയതിയിലെ G.O (Ms) NO.180/2017/LSGD അനുസരിച്ചുള്ള ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ വരുത്തിക്കൊണ്ട് , ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി KMBR 2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

1. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ 2019 (കെ.എം.ബി.ആർ-2019), ചട്ടം 5 (6)(1) (c) പ്രകാരം ഉള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമാണം കെ.എം.ബി.ആർ-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തിയിരിക്കണം.
2. 08/08/2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ 179/2022/LSGD പ്രകാരം ഇടക്കാല വികസന ഉത്തരവിലെ നിർദിഷ്ട ഭൂവിനിയോഗ മാപ്പിലെ പബ്ലിക് &അർദ്ധ പബ്ലിക് ഉപയോഗ മേഖലയിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ ആണ് പ്രസ്തുത നിർമാണം വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വസ്തുവിന്റെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തി മാത്രമേ നിർമാണ അനുമതി നൽകാവൂ.

3. നിർമ്മാണസ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പറുകൾ, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ലന്നും ഉറപ്പുവരുത്തണം. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
4. കെ.എം.ബി.ആർ 2019 ചട്ടം 26 (8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
5. കെ.എം.ബി.ആർ 2019 ചട്ടം 76 ന അനുസൃതമായി മഴവെള്ള സംഭരണ സംവിധാനം പ്രസ്തുത നിർമാണത്തിന് ലഭ്യമാക്കിയിരിക്കണം.
6. നിർമ്മാണം കെ.എം.ബി.ആർ 2019 ചട്ടം 79, 79A എന്നിവയ്ക്ക് അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

ഈ കൺകറൻസ് അനുമതി നിർമാണം ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. ഈ അനുമതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിട നിർമാണ അനുമതി KMBR-2019 പ്രകാരം സെക്രട്ടറി നൽകിയതിന് ശേഷമേ നിർമാണം ആരംഭിക്കാവൂ.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 28-02-2023 17:15:07

RAJESH T N

TOWN PLANNER

ഉള്ളടക്കം:- അംഗീകരിച്ച പ്ലാൻ (1 സെറ്റ്)

പകർപ്പ്: അപേക്ഷകൻ, (അറിവിലേയ്ക്കായി)

Sri.Rajeev Rajendran,
T.C 15/1526 (1), M.P Appan Road,
Vazhuthacaud, TVPM.